# Telephonic conversation between Prime Minister and Prime Minister of Bangladesh

April 29, 2020

---

## പ്രധാനമന്ത്രിയും ബംഗ്ലാദേശ് പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ഏപ്രിൽ 29, 2020

ബംഗ്ലാദേശ് പീപ്പിൾസ് റിപ്പബ്ലിക്കിന്റെ പ്രധാനമന്ത്രിയായ ശ്രീ ഷെയ്ഖ് ഹസീനയുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി എന്ന് ടെലിഫോൺ സംഭാഷണം നടത്തി.

പ്രധാനമന്ത്രി മോഡി സ്വന്തം നിലയിലും ഇന്ത്യൻ ജനതയുടെ പേരിലും പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്കും ബംഗ്ലാദേശ് ജനതയ്ക്കും വിശുദ്ധ റമദാൻ മാസത്തെത്തുടർന്നുള്ള ആശംസകൾ അറിയിച്ചു.

COVID -19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ പ്രാദേശികമായ സാഹചര്യങ്ങൾ ഇരു നേതാക്കളും വിലയിരുത്തി, കൂടാതെ തങ്ങളുടെ രാജ്യങ്ങളിൽ ഇതിന്റെ പ്രത്യാഘാതങ്ങളെ തടയുന്നതിന് സ്വീകരിച്ച നടപടികൾ പരസ്പരം പങ്കു വയ്ക്കുകയും ചെയ്തു.

സാർക് രാജ്യങ്ങളിലെ നേതാക്കൾക്കിടയിൽ നടപ്പിൽ വരുത്തുന്നതിനായി മാർച്ച് 15 നു രൂപകല്പനചെയ്ത പ്രത്യേക ക്രമീകരണങ്ങളുടെ പുരോഗതിയിൽ ഇരു നേതാക്കളും സന്തോഷം പ്രകടിപ്പിച്ചു. SAARC കോവിഡ് അത്യാഹിത ഫണ്ടിലേക്ക് 1.5 മില്യൺ ഡോളർ സംഭാവന നൽകിയതിന് പ്രധാനമന്ത്രി നരേന്ദ്ര മോഡി ഷെയ്ഖ് ഹസീനയോട് നന്ദി അറിയിച്ചു.

പ്രാദേശികമായി കോവിഡ് -19 നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു നേതൃത്വം വഹിച്ചതിനും ബംഗ്ലാദേശിന് ചികിൽസാ വസ്തുക്കളായും വിഭവശേഷി വികസനത്തിനുള്ള സഹായം നൽകിയതിനും പ്രധാനമന്ത്രി മോദിയോട് ശ്രീ ഷെയ്ഖ് ഹസീന നന്ദി അറിയിച്ചു.

കര, റെയിൽ, ആഭ്യന്തരജലഗതാഗതം, വായുഗതാഗതം എന്നിങ്ങനെയുള്ള രീതികളിൽ ആവശ്യവസ്തുക്കൾ അതിർത്തികൾ വഴി കൈമാറ്റം ചെയ്യപ്പെടുന്നതിൽ ഇരു നേതാക്കളും സംതൃപ്തി അറിയിച്ചു. പ്രധാനമന്ത്രി മോഡി, പണ്ട് കാലം മുതൽ തുടർന്ന് വരുന്ന ചരിത്രം, സംസ്കാരം , ഭാഷാ, സഹോദര തുല്യമായ ബന്ധങ്ങൾ എന്നിവ അനുസ്മരിക്കുകയും നിലവിലുള്ള മികച്ച നയതന്ത്ര ബന്ധത്തിൽ സംതൃപ്തി അറിയിക്കുകയും ചെയ്തു. കൂടാതെ COVID -19 വ്യാപനവും അതിന്റെ ആരോഗ്യ സാമ്പത്തിക പ്രത്യാഘാതങ്ങളും തടയുന്നതിനായി ബംഗ്ലാദേശിനെ സഹായിക്കുന്നതിന് ഇന്ത്യയുടെ സന്നദ്ധത ഉറപ്പു നൽകുകയും ചെയ്തു.

ഈ ചരിത്ര പരമായ മുജിബ് ബർഷോയുടെ അവസരത്തിൽ  പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്കും ബംഗ്ലാദേശിലെ സൗഹാരപരമായ ജനതയ്ക്കും പ്രധാനമന്ത്രി നല്ല ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനുമായുള്ള ആശംസകൾ നേർന്നു.

**ന്യൂ ഡൽഹി**
**19 ഏപ്രിൽ , 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.**